**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2295** **16-03-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെല്ല് സംഭരണം കാര്യക്ഷമമായി നടത്തുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് കൈമാറുന്നതിനുമായി ആവശ്യമായ ഉദ്യോഗസ്ഥരെ കൂടുതലായി നിയോഗിക്കുകയും ഉദ്യോഗസ്ഥതലത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആകെ 118 ഉദ്യോഗസ്ഥർ കേരളത്തിലെ 14 ജില്ലകളിലുമായി നെല്ല് സംഭരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ട്. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾ മൂലം 2020-21 സീസണിൽ 2.52 ലക്ഷം കർഷകരിൽ നിന്നും 7.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച്, ടി നെല്ലിന്റെ വിലയായ 2102 കോടി രൂപ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പെയ്മെൻറായി കൈമാറിയിട്ടുണ്ട്. 2021-22സീസണിൽ നാളിതുവരെ 1.08 ലക്ഷം കർഷകരിൽ നിന്ന് 2.70 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും നെല്ലിന്റെ വിലയായ 703.41 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2021-22 സീസണിൽ നെല്ല് സംഭരണ കർഷക രജിസ്ട്രേഷൻ www.supplycopaddy.in എന്ന വെബ്സൈറ്റ് മുഖേന പതിവിലും മുൻപേ തന്നെ ആരംഭിക്കുകയും 01.09.2021 മുതൽ നെല്ല് സംഭരിക്കാൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് നിറയ്ക്കുവാനായി മില്ലുടമകൾ വിതരണം ചെയ്യുന്ന ചണചാക്കുകൾ കർഷകർക്ക് കൃത്യമായി എത്തിച്ച് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. നെല്ല് സംഭരണത്തിന്റെ കൈകാര്യ ചിലവിനത്തിൽ കർഷകർക്ക് നൽകി വന്നിരുന്ന ക്വിൻറലിന് 12 രൂപ നിരക്കിലുള്ള തുക 2021-22 സീസൺ മുതൽ നെല്ലിന്റെ സംഭരണ വിലയ്ക്കൊപ്പം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെൻറായി നേരിട്ട് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരണ പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മില്ലുകൾക്ക് ലഭിക്കുന്ന നെല്ലിന്റെ അളവ്, അനുവദിച്ച് നൽകുന്ന പാടശേഖരത്തിന്റെ വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്കുകൂടി അറിയുവാൻ കഴിയുന്ന വിധത്തിൽ നെല്ല് സംഭരണ വെബ്സൈറ്റിലെ (www.supplycopaddy.in) പൊതുവിവരങ്ങൾ എന്ന ശീർഷകത്തിനുകീഴിൽ ഉൾപ്പെടുത്തുകയും അന്യ സംസ്ഥാനങ്ങളിൽ നിന്ന് നെല്ല് കൊണ്ടുവന്ന് കർഷകരുടെ പെർമിറ്റിൽ അനധികൃതമായി കയറ്റി തിരിമറി നടത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി നെല്ല് സംഭരണ രജിസ്ട്രേഷൻ സമയത്ത് കർഷകരുടെ കൃഷി സ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ എന്നിവ അടക്കമുള്ള വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനായി നെല്ല് സംഭരണ വെബ് സൈറ്റിനെ റവന്യൂ വകുപ്പിന്റെ ലാൻറ് റെക്കോഡ് പോർട്ടലുമായി ബന്ധിപ്പിച്ചിട്ടുമുണ്ട്. നെല്ലിന്റെ വില വിതരണം സുതാര്യമാക്കുന്നതിനായി നെല്ല് സംഭരണ വെബ് സൈറ്റിനെ കേന്ദ്ര സർക്കാരിന്റെ Digital Payment Public Financial Management System (PFMS) എന്ന വെബ്സൈറ്റുമായി ബന്ധിപ്പിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിലൂടെ 'AADHAAR' മായി ബന്ധപ്പെടുത്തിയിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് Digital Payment ആയി നെല്ലിന്റെ സംഭരണവില എത്തുന്ന രീതിയിലേയ്ക്ക് മാറുന്നതാണ്. ഈ സീസണിൽ നെല്ല് സംഭരണത്തിനായി സെപ്റ്റംബർ മാസത്തിന് മുന്നേതന്നെ കൂടുതൽ മില്ലുകളെ ഉൾപ്പെടുത്തുവാൻ സാധിച്ചു. നിലവിൽ 57 മില്ലുകൾ സപ്ലൈകോയുമായി നെല്ല് സംഭരണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2021 നവംബർ മാസത്തിലുണ്ടായ കാലംതെറ്റിപെയ്ത ശക്തമായ മഴമൂലം കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിച്ച് രജിസ്റ്റർ ചെയ്ത മുഴുവൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) | കർഷകർക്ക് ബുദ്ധിമുട്ട് നേരിടാത്ത വിധം നെല്ല് സംഭരണ നടപടികൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ? | (ബി) | കർഷകർക്ക് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെടുവാനായി സംഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ നെല്ല് സംഭരണ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കർഷകരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പരാതികളിന്മേൽ സത്വര ഇടപെടൽ നടത്തി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും അത് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കർഷകരുടെ നെല്ലിന്റെ ഗുണമേന്മ പരിശോധിയ്ക്കുന്നവേളയിൽ |

| | | | |
|---|---|---|---|
| | | | കൃഷി ഉദ്യോഗസ്ഥരേയും കർഷക പ്രതിനിധികളെയും മില്ലിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി സംഭരണം സുതാര്യമായി നടത്തണമെന്ന് പാഡി മാർക്കറ്റിംഗ് ഓഫീസർമാരോട് നിർദ്ദേശിക്കുകയും അപ്രകാരം നടക്കുന്നുണ്ടോ എന്ന് കൃത്യമായി പരിശോധിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം നെല്ലിന്റെ തൂക്കം അളക്കുന്നവേളയിലും തൂക്കത്തിന്റെ അളവ് രേഖപ്പെടുത്തിയ നെല്ല് കൈപ്പറ്റ് രസീത് നൽകുന്നവേളയിലും (Paddy Receipt Sheet) കർഷകരെ നെല്ലിന്റെ തൂക്കം ബോധ്യപ്പെടുത്തി അവരുടെ സാക്ഷ്യപത്രം ഒപ്പിട്ട് വാങ്ങണമെന്ന് മില്ലുടമകൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും ആയത് 100% പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, നെല്ലിന്റെ തൂക്കം തിട്ടപ്പെടുത്തുന്നതിന് ഇലക്ട്രോണിക് വേയിംഗ് മെഷീൻ മാത്രമേ ഉപയോഗിക്കാവൂ എന്ന് എല്ലാ മില്ലുടമകൾക്കും പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ